**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6555** **11-11-2021 - ൽ മറുപടിയ്ക്ക്**

**കർഷക കുടുംബങ്ങളുടെ കടബാധ്യത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ്** | | **Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കർഷക കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് കർഷക കുടുംബങ്ങൾ കടക്കെണിയിലായിരിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ഇത് സംബന്ധിച്ച മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇമ്പ്ലിമെന്റേഷൻ (Ministry of Statistics and Programme Implementation) കീഴിലുള്ള നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് (NSO)യുടെ ദേശീയ സാമ്പിൾ സർവ്വേ (No.587) അടിസ്ഥാനമാക്കി പ്രസിദ്ധീകരിച്ചിട്ടുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സർവ്വേയിലൂടെ പ്രസീദ്ധികരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ കർഷകരുടെ കടബാധ്യത കൂടുതലാണെന്നു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തു സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സർവ്വേ നടത്തിയിട്ടുണ്ടെങ്കിലും റിപ്പോർട്ട് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | ദേശീയ ശരാശരിയെക്കാൾ കൂടുതലായി സംസ്ഥാനത്ത് കർഷകരുടെ ഇടയിൽ എങ്ങനെയാണ് കടം വന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | ദേശീയ ശരാശരിയെക്കാൾ കൂടുതലായി സംസ്ഥാനത്ത് കർഷകരുടെ ഇടയിൽ കടം വന്നതിന്റെ സാഹചര്യം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പ്രത്യേകമായി പരിശോധിച്ചിട്ടില്ല. |
| (സി) | കർഷക കുടുംബങ്ങളുടെ കടബാധ്യതയുടെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | 2018, 2019 വർഷങ്ങളിൽ തുടർച്ചയായി ഉണ്ടായ പ്രളയം കാർഷിക മേഖലയിൽ നാശ നഷ്ടങ്ങൾക്കും വലിയ വരുമാന നഷ്ടത്തിനും കാരണമായിട്ടുണ്ട്. കൂടാതെ ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയും കർഷകരുടെ കടബാധ്യത വർദ്ധിക്കുന്നതിന് ഒരു പരിധിവരെ കാരണമായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ